**Lalith Babu**

**ഓഫീസിൽ ലഭ്യമല്ലാത്ത ഒരു വിവരം കണ്ടെത്തുന്നതിനായി സ്ഥല പരിശോധന നടത്തി വിവരം ലഭ്യമാക്കി നൽകാൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ബാധ്യതയില്ല.**

7. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഹർജിക്കാരനെയും ഒന്നാം എതിർകക്ഷിയെയും നേരിൽ കേട്ടതിലും, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം കണ്ടെത്തുന്നതിന് ഉപകരിക്കുന്ന വിശദാംശങ്ങൾ ഹർജിക്കാരൻ ടിയാന്റെ അപേക്ഷയിൽ നൽകിയിരുന്നില്ല എന്നു കാണുന്നു. ആയതിനാൽ ഹർജിക്കാരൻ പരാമർശിക്കുന്ന കെട്ടിടമേതെന്ന് മനസ്സിലാക്കി ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ കഴിയുകയില്ല എന്നാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സ്ഥലപരിശോധന നടത്തി വിവരം നൽകാൻ വിവരാവകാശ നിയമം നിഷ്കർഷിക്കുന്നതില്ല. ആയതിൽ ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ എന്തെങ്കിലും വീഴ്ചയുണ്ടായതായി കരുതാൻ നിർവ്വാഹമില്ല. ടി കെട്ടിടം അനധികൃതമാണെന്നോ അല്ലെങ്കിൽ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് ലംഘിച്ചാണ് കെട്ടിയിരിക്കുന്നതെന്നോ ഹർജിക്കാരന്റെ അപേക്ഷയിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നില്ല. അങ്ങിനെ എന്തെങ്കിലും പരാമർശം ഉണ്ടായിരുന്നുവെങ്കിൽ ആയത് അനധികൃതനിർമ്മാണം സംബന്ധിച്ച അറിയിപ്പാണെന്ന രീതിയിൽ ടി വിവരം സംബന്ധിച്ച് ഒന്നാം എതിർകക്ഷി ആവശ്യമായ സ്ഥലപരിശോധന നടത്തേണ്ടി വരുമായിരുന്നു. എന്നാൽ അത്തരം സൂചനകളൊന്നും ടിയാന്റെ അപേക്ഷയിൽ ഉണ്ടായിരുന്നില്ല. ടി സാഹചര്യത്തിൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി വിവരാവകാശ നിയമപ്രകാരം ശരിയാണെന്നു കമ്മീഷൻ വിലയിരുത്തുന്നു.

8. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റുനടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2017 ഓഗസ്റ്റ് 30-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

